WEDNESDAY 22-09-2021 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –22/09/2021

1. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗ ക്ഷമത വർദ്ധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക, ജലസേചനത്തോടൊപ്പം വളപ്രയോഗം നടപ്പിലാക്കുക, കർഷകരുടെവരുമാനം ഉയർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന **പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതി**യിലൂടെ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു കൂടി സ്ഥാപിക്കുന്നതിന് ഇപ്പോൾ അപേക്ഷിക്കാം. ഈ പദ്ധതിയിലൂടെ ഡ്രിപ്പ്, സ്പ്രിംഗ്ളർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 80 ശതമാനവും മറ്റുള്ള കർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കുന്നതാണ്. കൂടുതൽ വിവിരങ്ങൾക്ക് ജില്ല കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ, **9383471797, 9383470693, 9383470068** എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

2. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം **24** വരെ (സെപ്റ്റംബർ 24) വരെ **മുള്ളംകൊല്ലി** ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാകും. പ്രവൃത്തി സമയം രാവിലെ 10 മുതൽ വൈകീട്ട് 5 വരെ. സേവനം ആവശ്യമുള്ള കർഷകർ ക്ഷീര സംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് **9495478744, 9074520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. തിരുവനന്തപുരം പാറശ്ശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 24-ന് (സെപ്റ്റംബർ 24-ന്) പാറശ്ശാല ഇ.എം.എസ് ഹാളിൽ വച്ച് കർഷകർക്കായി **സംരഭകത്വ സംഗമം** സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് മൃഗപരിപാലനം, ആട് വളർത്തൽ, മാലിന്യ നിർമ്മാർജ്ജനം, സംരംഭകർക്ക് ബാങ്ക് ലോൺ വിശദാംശങ്ങൾ എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധരുടെ

ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണെന്നും പാറശ്ശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ അറിയിച്ചു.

4. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സാമ്പത്തിക വർഷത്തിൽ 10 ചില്ലറ വിപണികൾ മലയോര പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും,പഴം,പച്ചക്കറി ഉന്ത് വണ്ടികൾക്ക് (32 എണ്ണം) 15000 രൂപയും, ശേഖരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 6 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 8.25 ലക്ഷം രൂപയും ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുമായി **0471-2330856/2330867** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. **സ്റ്റേറ്റ്** അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (22/09/2021-നു) വൈകിട്ട് 7 മണി മുതൽ **ആദായകരമായ പുഷ്പകൃഷി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChann0el/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്

6. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്തംബർ 22-ന്) **ഒരു വർഷം – ഒരു പശുക്കിടാവ് – വിജയകരമായ കന്നുകാലി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446890889** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽവയനാട് ജില്ലയിലെ ക്ഷീരസംഘം ലാബ് അസിസ്റ്റന്റുമാർക്ക്/പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാർക്ക് ഇന്ന് (22/09/2021 ന്) രാവിലെ 10.30 മണിക്ക്

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**ഭക്ഷ്യസുരക്ഷ നിയമം-2006 പാൽഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധനാ ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ** എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **പാൽഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകരണങ്ങളുടെ പ്രവർത്തനം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് http://meet.google.com/ydy-zpbo-vzr എന്ന ലിങ്ക് മുഖേന ജോയിൻ ചെയ്യാവുന്നതാണ്.

8. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡിസിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഏകദിന ഓൺലൈൻ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നു. ഒരു വ്യക്തിക്ക് 300 രൂപയാണ് ഫീസ്. ഏകദിന പരിശീലന ക്ലാസിൽ നാളികേരാധിഷ്ഠിത ഉൽപ്പന്നങ്ങളെപ്പറ്റിയുള്ള വിവരങ്ങളും അഞ്ച് ഉൽപ്പന്നങ്ങളുടെ വീഡിയോ ഡെമോൺസ്ട്രേഷനും ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484-2679680 എന്ന നമ്പരിൽ ബന്ധപ്പെടുക.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 29, 30 തീയതികളിലായി **നായ വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471 - 2732918 എന്ന ഫോൺ നമ്പരിലോ 9188522701. എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

10. മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ **ഹൈഡ്രോപോണിക്സ്** വിഷയത്തെ പറ്റി 5 ദിവസത്തെ പരിശീലനപരിപാടി **സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 1** വരെയുള്ള തീയതികളിൽ രാവിലെ 10.30 മുതൽ 1.30 വരെ ഹൈടെക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ് ഹാൾ, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കര, തൃശൂരിൽ വെച്ച് ഓൺലൈനായി നടത്തുന്നു. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം, - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 7025498850, 7034215912, 9961533547, 04872960079 എന്നീ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


11. ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് വേണ്ടി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പശു, ആട്, എരുമ, കോഴി, കാട, താറാവ്, മുയൽ, നായ വളർത്തൽ, തീറ്റപ്പുൽകൃഷി എന്നീ വിഷയങ്ങളിൽ എൽ.എം.ടി.സി ആതവനാട് വെച്ച് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ള കർഷകർ **0494–2962296** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

12. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 25-ന് (സെപ്റ്റംബർ 25) രാവിലെ 11 മണിക്ക് **പാലുൽപ്പന്നങ്ങൾ** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481– 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

13. തെങ്ങിന്റെ കൂമ്പു ചീയൽ നിയന്ത്രിക്കാൻ മാംഗോസബ് 2 ഗ്രാം ചെറിയ ദ്വാരമുള്ള കവറുകളിലാക്കി ഓലക്കവിളുകളുടെ സമീപത്തു വയ്ക്കാവുന്നതാണ്. മഴ വെള്ളത്തിൽ ഈ കുമിൾ നാശിനി ഒലിച്ചിറങ്ങി തെങ്ങുകൾക്കു സംരക്ഷണമാകും.

14. നിലവിലുള്ള അന്തരീക്ഷ സ്ഥിതിയിൽ ഇലചുരുട്ടി പുഴുവിന്റെയും പച്ചത്തുള്ളന്റെയും ആക്രമണത്തിന് സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാൻ 3 ഗ്രാം തയാമെത്തോക്സാം 10 ലിറ്റർ വെള്ളത്തിൽ തളിക്കുക.